**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . 111     05-03-2020 -ൽ മറുപടിക്ക്

## കാലവർഷക്കെടുതിയിൽപ്പെട്ടവരുടെ പുനരധിവാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അനിൽ അക്കര**<br>**ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. എ.പി. അനിൽ കുമാർ**<br>**ശ്രീ. ഐ.സി.ബാലകൃഷ്ണൻ** | | **ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷം ഉണ്ടായ കാലവർഷക്കെടുതിയിലും ഉരുൾപൊട്ടലിലും വീട് നഷ്ടപ്പെട്ടവർക്കും വീട് വാസയോഗ്യമല്ലാതായവർക്കും പുനരധിവാസം നൽകുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; | എ) | 2018 കാലവർഷക്കെടുതിയിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവരുടെ പുനരധിവാസം സാധ്യമായിട്ടുണ്ട്. 2018-ലുണ്ടായ കാലവർഷ ക്കെടുതിയിൽ പൂർണ്ണമായി തകർന്ന 18,394 വീടുകളിൽ 10,333 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന വീടുകളുടെ പുനർ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഭാഗികമായി തകർന്ന 3,52,018 വീടുകളിൽ 3,51,973 വീടുകൾക്ക് കേടുപാടുകൾ തീർക്കുന്നതിനായി ധനസഹായം നൽകിയിട്ടുണ്ട്. 2019-ൽ വീട് പൂർണ്ണമായി തകർന്നവർക്ക് 1-ാം ഗഡു ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ ക്യാമ്പുകളിലും ഗ്രുവൽ സെന്ററുകളിലും ബന്ധു വീടുകളിലുമായി താമസിച്ച 303383 പേർക്ക് 10,000 രൂപ നിരക്കിൽ 303,38,30,000 രൂപ നൽകിയിട്ടുണ്ട്. വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 49900 പേർക്ക് ആദ്യ ഗഡുവായി 217,99,50,400 രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | ഇത്തരക്കാരെ പുനരധിവസിപ്പിക്കുവാൻ വാസയോഗ്യവും പരിസ്ഥിതിക്ക് അനുയോജ്യവുമായ ഭൂമി കണ്ടെത്തി അവർക്ക് വീട്/ഫ്ലാറ്റ് നിർമ്മിച്ചു നൽകണമെന്ന് മാർഗ്ഗനിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശപ്രകാരം ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; | ബി) | മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ കാലവർഷക്കെടുതിയിൽ ഭൂമി നഷ്ടപ്പെട്ടവരാരും തന്നെ ഇല്ലാത്തതിനാൽ ജില്ലയിൽ ഭൂമി കണ്ടെത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. കൊല്ലം ജില്ലയിൽ ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 12 സെന്റ് ഭൂമി കണ്ടെത്തിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 2018-ലെ ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ട 13 പേർക്ക് പകരം 25.46 സെന്റ് ഭൂമി കണ്ടെത്തി നൽകിയിട്ടുള്ളതാണ്. ആലപ്പുഴ ജില്ലയിൽ 666.44 ആർ ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ നടപടി സ്വീകരിച്ചു വരുന്നു. ഇടുക്കി ജില്ലയിൽ 20.59 ഹെക്ടർ |

| | | | |
|---|---|---|---|
| | | | ഭൂമി കണ്ടെത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ 8 കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. തൃശ്ശൂർ ജില്ലയിൽ ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതിന് 1.2907 ഹെക്ടർ സർക്കാർ ഭൂമിയും സർക്കാർ ഭൂമി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഗുണഭോക്താവ് സ്വയം കണ്ടെത്തിയ ഭൂമിക്ക് പരമാവധി 6 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകി ഭൂമി വാങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പുനരധിവാസത്തിനായി അനുയോജ്യമായ ഭൂമി കണ്ടെത്താൻ ദുരന്ത ബാധിതരോട് ആവശ്യപ്പെട്ടിട്ടുള്ളതും അനുയോജ്യമായ ഭൂമി വാങ്ങുവാൻ പരമാവധി 6 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകുന്നതുമാണ്. മലപ്പുറം ജില്ലയിൽ 10 പേരുടെ പുനരധിവാസത്തിനായി സർക്കാർ ഭൂമി കണ്ടെത്തി വീട് നിർമ്മാണം പുരോഗമിക്കുന്നു. കോഴിക്കോട് ജില്ലയിൽ പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീട് സ്വന്തമായി നിർമ്മിക്കുന്നതിനായി ഗുണഭോക്താക്കൾ കണ്ടെത്തിയ സ്ഥലത്ത് നിർമ്മാണ ഘട്ടത്തിന്റെ തോതനുസരിച്ച് ഗഡുക്കളായി തുക അനുവദിച്ചു വരുന്നു. വയനാട് ജില്ലയിൽ പുനരധിവാസത്തിനായി കണിയാംപറ്റ വില്ലേജിൽ 15 സെന്റും സുൽത്താൻ ബത്തേരി താലൂക്കിൽ 8 സെന്റും സൗജന്യമായി ലഭിച്ചിട്ടുള്ളതും 13 വീടുകൾ നിർമ്മിച്ചിട്ടുള്ളതുമാണ്. കണ്ണൂർ ജില്ലയിൽ വാസയോഗ്യമല്ലാത്തതും ഉരുൾപൊട്ടൽ ഭീഷണിയുള്ളതുമായ സ്ഥലത്തിനു പകരം സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കാസറഗോഡ് ജില്ലയിൽ പ്രളയം ബാധിച്ചിട്ടില്ല. |
| സി) | ഇക്കാര്യത്തിനായി സർക്കാർ പുറമ്പോക്ക് ഭൂമി എല്ലാ ജില്ലകളിലും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്ര ഏക്കർ ഭൂമി കണ്ടെത്തിയെന്ന് വെളിപ്പെടുത്താമോ; | സി) | കൊല്ലം ജില്ലയിൽ 0.04.85 ഹെക്ടർ, പത്തനംതിട്ട ജില്ലയിൽ 0.50.69 ഹെക്ടർ, ഇടുക്കി ജില്ലയിൽ 13.47.34 ഹെക്ടർ, തൃശ്ശൂർ ജില്ലയിൽ 1.29.07 ഹെക്ടർ, പാലക്കാട് ജില്ലയിൽ 0.02.44 ഹെക്ടർ ഉൾപ്പെടെ 15.34.39 ഹെക്ടർ പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, മലപ്പുറം കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ പുറമ്പോക്ക് ഇനത്തിൽ ഭൂമി കണ്ടെത്തിയിട്ടില്ലാത്തതാണ്. |

| | | | |
|---|---|---|---|
| ഡി) | കവളപ്പാറയിൽ ഉരുൾപൊട്ടി എല്ലാം നഷ്ടപ്പെട്ട് നിരാലംബരായവരെ സമയബന്ധിതമായി പുനരധിവസിപ്പിക്കുന്നതിലും അവർക്ക് വാസയോഗ്യമായ ഭൂമി കണ്ടെത്തുന്നതിലും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ? | ഡി) | വീഴ്ച സംഭവിച്ചിട്ടില്ല. നിലമ്പൂർ താലൂക്കിലെ കവളപ്പാറയിൽ 2019-ലെ പ്രളയത്തെ തുടർന്നുണ്ടായ ഉരുൾപൊട്ടലിൽ ഒട്ടാകെ 59 പേർ മരണപ്പെട്ടതായി കണക്കാക്കുകയും ആയതിൽ 4 പേരുടെ അനന്തരാവകാശികളുടെ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ 55 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ നിരക്കിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4 പേരുടെ അനന്തരവകാശികൾക്ക് ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.<br><br>കവളപ്പാറയിലെ ഉരുൾപ്പൊട്ടലിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി ശ്രീ എം.എ യൂസഫലി സ്പോൺസർ ചെയ്ത 33 വീടുകൾ നിർമ്മിക്കുന്നതിന് വാസയോഗ്യമായ ഭൂമി വാങ്ങുന്നതിലേയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 6 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീട് വച്ച് നൽകുന്നതിനുള്ള കെയർ ഹോം പദ്ധതിയ്ക്കായി ഭൂമി വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ